"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കാസർഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭ - ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി KURDFC -യിൽ നിന്ന് വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Ms) No.123/2024/LSGD തീയതി,തിരുവനന്തപുരം, 24-09-2024

---

പരാമർശം:-

1. സ.ഉ (എം.എസ്) നം.147/2009/ത.സ്വ.ഭ.വ തീയതി 29/07/2009
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 16.08.2023 തീയതിയിലെ No. LSGD/PD/50319/2023/REV4 കത്ത്
3. കെ.യുആർ.ഡി എഫ്.സി യിൽ നിന്നും വായ്പ അനുമതി നൽകികൊണ്ടുള്ള 04.09.2023 ലെ കെ.യു.ആർ. ഡി.എഫ്.സി/യു.എൽ.ബി/410/2022 നമ്പർ ഉത്തരവ്
4. നീലേശ്വരം നഗരസഭാ സെക്രട്ടറിയുടെ 19.01.2024 ലെ ഇ1-5364/18 നമ്പർ സമ്മതപത്രം.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.08.2024 എന്നീ തീയതിയിലെ No. LSGD/PD/50319/2023/REV4 കത്ത്

**<u>ഉത്തരവ്</u>**

നീലേശ്വരം നഗരസഭയുടെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണാവശ്യത്തിനായി കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്നും 13 വർഷക്കാലയളവിലേക്ക് 9% പലിശ നിരക്കിൽ 14,53,50,000/- ( പതിന്നാല് കോടി അമ്പത്തിമൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വായ്പ എടുക്കുന്നതിനായി നഗരസഭ സെക്രട്ടറിയുടെ അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം വായ്പ അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള പ്ലാൻ, എസ്റ്റിമേറ്റ് , ഡിസൈൻ എന്നിവയും , വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം ടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നല്കാവുന്നതാണെന്നുള്ള പരാമർശം (4) പ്രകാരമുള്ള സമ്മതപത്രം, അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, വായ്പാതിരിച്ചടവ് പൂർത്തിയാകും വരെ പ്രതിവർഷം പ്രോജക്ടിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാന/ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്, ജാമ്യം നല്കാൻ ഉദ്ദേശിക്കുന്ന ആസ്തിവിവരങ്ങൾ, നഗരസഭയ്ക്ക് നിലവിൽ വായ്പാകുടിശ്ശികയില്ലെന്ന സ്റ്റേറ്റ്മെന്റ്, പരാമർശം (3) പ്രകാരമുള്ള വായ്പ അനുവദിച്ചുകൊണ്ടുള്ള ധനകാര്യ സ്ഥാപനത്തിന്റെ ഉത്തരവ്/സമ്മതപത്രം വായ്പാ തിരിച്ചടവ്

സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തുടങ്ങിയവും സഹിതം നീലേശ്വരം നഗരസഭയിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി KURDFC -യിൽ നിന്ന് വായ്പ എടുക്കുന്നതിന് നീലേശ്വരം നഗരസഭയ്ക്ക് അനുവാദം നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നീലേശ്വരം നഗരസഭ സെക്രട്ടറിയുടെ അപേക്ഷ പ്രകാരം പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ എല്ലാ നിബന്ധനകൾക്കും വിധേയമായും, പരാമർശം (5) പ്രകാരം വായ്പ തിരിച്ചടവിൽ നഗരസഭ വീഴ്ച വരുത്തുകയാണെങ്കിൽ നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് KURDFC -യ്ക്ക് അനുവദിക്കുന്നതാണെന്ന വ്യവസ്ഥയിലും , ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി KURDFC -യിൽ നിന്ന് വായ്പക്കുള്ള ബാധകമായ നിബന്ധനകൾക്കും വിധേയമായി പരമാവധി 14,53,50,000/- ( പതിന്നാല് കോടി അമ്പത്തിമൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വായ്പ എടുക്കുന്നതിന് നീലേശ്വരം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നീലേശ്വരം നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി
കരുതൽ ഫയൽ (ഡി.ബി1/388/2023/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 25-09-2024 10:45:56